"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം:റവ-യു4/6/2021/റവന്യൂ
റവന്യൂ (യു) വകുപ്പ്
തിരുവനന്തപുരം,
തീയതി: 03-11-2022

## പരിപത്രം

വിഷയം:- റവന്യൂ വകുപ്പ് - കെ.എസ്.ആർ.ടി.സി.യുടെ ഡിപ്പോകളിൽ പുതിയ പമ്പ് അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാരിൽ നിന്ന് Explosive Act പ്രകാരമുള്ള എൻ.ഒ.സി. ലഭ്യമാക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

കെ.എസ്.ആർ.ടി.സി ഡിപ്പോകൾ പ്രവർത്തിക്കുന്ന ചില സ്ഥലങ്ങൾ പട്ടയം ലഭിക്കാത്ത സർക്കാർ വക പുറമ്പോക്കു ഭൂമിയോ പൊന്നും വില നടപടികൾ പ്രകാരം ഏറ്റെടുത്ത ഭൂമിയുടെ പോസ്റ്റ് അവാർഡ് നടപടികൾ സ്വീകരിച്ച് തണ്ടപ്പേർ പിടിച്ച് കരം അടച്ച് ലഭിക്കാത്ത ഭൂമിയോ ആണ് . ഇത്തരം വസ്തുക്കളിൽ കെ എസ് ആർ ടി സി തുടങ്ങിയ നാൾ മുതൽ കൈവശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പമ്പ് അനുവദിച്ചിരുന്നു . കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റ് ഇതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലുള്ള ഫ്യൂവൽ പമ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് ജില്ലാ കളക്ടർമാരിൽ നിന്നും Explosives Act പ്രകാരമുള്ള NOC ലഭിക്കുന്നതിന് വസ്തുവിന്റെ കരം അടച്ച രസീത് നൽകണമെന്ന് ആവശ്യപ്പെടുന്നതായി കാണുന്നു.

കെ.എസ്.ആർ.റ്റി.സിയ്ക്ക് വാണിജ്യാവശ്യങ്ങൾക്കായി പാട്ട വ്യവസ്ഥയിലോ പതിച്ചോ നൽകിയിട്ടുള്ള ഭൂമിയ്ക്ക് കാലാകാലങ്ങളിൽ സർക്കാർ കൈക്കൊള്ളുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഭൂമി വിലയും പാട്ടത്തുകയും ഈടാക്കുന്നത്. ആയതിനാൽ പുതിയ പമ്പുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള പമ്പ് മാറ്റി സ്ഥാപിക്കുന്നതിനും ചുവടെ പരാമർശിക്കുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ തലത്തിൽ എൻ.ഒ.സി അനുവദിക്കുന്നതിനായി മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

1.ഭൂമിയുടെയും നിർദ്ദിഷ്ട പമ്പിന്റെയും ഉടമസ്ഥാവകാശം കെ.എസ്.ആർ.ടി.സിയിൽ തന്നെ നിക്ഷിപ്തമായിരിക്കും.

2.പമ്പ് സ്ഥാപിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഭൂമി

പണയപ്പെടുത്താൻ പാടില്ല.

3.ഭൂമി, പമ്പ് എന്നിവ ഉപ പാട്ടത്തിന് അനുവദിക്കാൻ പാടുള്ളതല്ല.

4.പൊതുമേഖലാ എണ്ണക്കമ്പനികൾ ഉൾപ്പെടെയുള്ള ഒരു ഏജൻസിയേയും കെ.എസ്.ആർ.ടി.സിയുടെ ഭൂമിയിൽ പമ്പ് നടത്തിപ്പ് അനുവാദം നൽകാൻ പാടുള്ളതല്ല.

DR A JAYATHILAK I A S
ADDITIONAL CHIEF SECRETARY

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
റവന്യൂ (എ/എൽ/എം) വകുപ്പ്
പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

Signed by Sindhu L V
Date: 08-11-2022 10:51:33

സെക്ഷൻ ഓഫീസർ